## ഇ കെ എൻ എം ഗവൺമെന്റ് പോളിടെക്നിക് കോളേജ് തൃക്കരിപ്പൂർ, ഉദിനൂർ പി.ഒ

കാസറഗോഡ് ജില്ല, പിന്:671310

ഫോൺ:04672211400,9400006459,(Email:gptctkr@gmail.com)


നം:D2/1866/23/GPC-TKPR                                   തീയ്യതി: 06.06.2024

## ക്വട്ടേഷൻ/ലേല പരസ്യം

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജ് ക്യാമ്പസ്സിലെ അക്കേഷ്യ മരങ്ങൾ 27.06.2024 ന് രാവിലെ 11.30 മണിക്ക് പോളിടെക്നിക് കോളേജിൽ വെച്ച് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സീകരിച്ചും വിൽക്കുന്നതാണ്.

| ക്രമ നമ്പർ | സ്ഥലം | മരത്തിന്റെ ഇനം | റിമാർക്സ് |
|---|---|---|---|
| 1 | ഇ കെ എൻ എം ഗവൺമെൻറ് പോളിടെക്നിക് കോളേജ്, തൃക്കരിപ്പൂർ | അക്കേഷ്യ (Timber),ശിഖരങ്ങൾ, അക്കേഷ്യ(Firewood) As per Valuation Statement from Social Forestry Division, kasaragod | മുറിച്ച് നീക്കുവാൻ |

**നിബന്ധനകൾ**

1. ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുവാന് ആഗ്രഹിക്കുന്നവർ ലേലദിവസം 27.06.2024 ന് രാവിലെ 11.00 മണിക്ക് മുമ്പായി Rs. 4936/-(നാലായിരത്തി തൊള്ളായിരത്തി മുപ്പത്തി ആറ് രൂപ മാത്രം) നിരതദ്രവ്യം പോളിടെക്നിക് കോളേജിൽ ഓഫീസില് കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേലദിവസം രാവിലെ 11.00 മണിക്ക് മുമ്പായി ക്വട്ടേഷനുകള് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

2. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിന് ശേഷം തുറക്കുന്ന ക്വട്ടേഷനില് ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 7 ദിവസത്തിനകം അടച്ച് മരം മുറിയ്ക്കാനുള്ള അനുവാദം വങ്ങേണ്ടതാണ്.

3. ലേലം/ക്വട്ടേഷൻ പിടിച്ച വ്യക്തി ലേലം/ക്വട്ടേഷൻ തുകയുടെ 25% സെക്യൂരിറ്റി സംഖ്യ അന്നേദിവസം ഈ ഓഫീസിൽ അടക്കേണ്ടതാണ്. ടി തുക മരം മുറിച്ച് നീക്കം ചെയ്തതിന് ശേഷം പലിശ രഹിതമായി ബാദ്ധ്യതകളൊന്നുമില്ലെങ്കിൽ തിരിച്ചു നൽകുന്നതാണ്.

4. ലേലത്തിൽ പിടിച്ച മരങ്ങൾ മുറിക്കാനുള്ള അനുവാദം ലഭിച്ച് 10 ദിവസത്തിനകം പോളിടെക്നിക് കോളേജിലെ വസ്തുവകൾക്കോ കേട്ടിടങ്ങൾക്കോ കേടുപാടുകള് കൂടാതെ മരങ്ങള് മുറിച്ചു മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിയമവിധേയമായ നടപടികളും പിഴപലിശയും ഈടാക്കുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തി

ലഭിച്ചാൽ ഉടൻ തന്നെ സ്വന്തം ചെലവിൽ വസ്തുവകൾക്കോ കേട്ടിടങ്ങൾക്കോ മറ്റ് വൃക്ഷങ്ങൾക്കോ പൊതുജനങ്ങൾക്കോ പൊതുജനങ്ങളുടെ സ്വത്തുവകൾക്കോ യാതൊരുവിധമായ നഷ്ടവും ഉണ്ടാക്കാതെ മരങ്ങൾ മുറിക്കേണ്ടതും തടി നീക്കം ചെയ്യേണ്ടതുമാണ്.

5. മരങ്ങൾ മുറിക്കുന്നതിന് മുമ്പ് മരങ്ങളിൽ പക്ഷിക്കൂട് ഇല്ല എന്നും , പക്ഷികൾ വസിക്കുന്നില്ല എന്നും, വിശ്രമിക്കുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്. മരങ്ങൾ മുറിക്കുമ്പോൾ, മനുഷ്യനോ പക്ഷികൾക്കോ മറ്റു ജന്തുജാലങ്ങൾക്കോ യാതൊരു വിധ ആപത്തോ ശല്യങ്ങളോ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. ലേലം/ക്വട്ടേഷൻ വിളിച്ചയാള്, ലേല സംഖ്യയുടെ 18% ചരക്ക് സേവന നികുതിയും (GST) ലേലസംഖ്യയുടെ 5% വനവികസന നികുതിയായും 2.5% ആദായനികുതിയും ഉൾപ്പെടെ മുഴുവന് തുകയും അടച്ച് രസീത് കൈപ്പറ്റെണ്ടതാണ്.

7. ലേലം ഉറപ്പിക്കുവാനോ മാറ്റിവെയ്ക്കുവാനോ പുനർ ലേലം നടത്തുവാനോ ഉള്ള എല്ലാ അധികാരങ്ങളും ഈ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിൽ (സ്ഥാപന മേധാവി) നിക്ഷിപ്തമാണ്. ലേലം/ക്വട്ടേഷന് സംബന്ധമായ എല്ലാ സർക്കാര വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

8. മുറിച്ച് ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന മരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും(9am to 4pm) പോളിടെക്നിക് കോളേജിലെ നിശ്ചിത പ്രദേശങ്ങളിൽ വന്ന് പരിശോധിക്കാവുന്നതാണ്. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളില് പോളിടെക്നിക് കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

9. അവിചാരിതമായ കാരണങ്ങളാൽ ലേലം മാറ്റി വെക്കുന്നതിന് ഈ ലേല നോട്ടീസിൽ അടിയിൽ ഒപ്പിട്ടിരിക്കുന്നയാൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

E.K. NAYANAR MEMORIAL GOVT. POLYTECHNIC COLLEGE THRIKKARIPPUR UDINUR (PO), KASARAGOD 671 310, KERALA

പ്രിൻസിപ്പാൾ

**Principal**
E.K Nayanar Memorial Government Polytechnic
College Thrikkarippur
Udinur (PO) Kasaragod
Kerala - 671 310

പകർപ്പ്

1. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ
   അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം
   സാമൂഹ്യ വനവൽക്കരണ വിഭാഗം,കാസറഗോഡ്
   ഉദയഗിരി, വിദ്യാനഗര് (പി.ഒ)-671121
2. ജില്ലാ ഇൻഫർമേഷന് ഓഫീസർ,സിവിൽ സ്റ്റേഷൻ
   കാസറഗോഡ് (എല്ലാ പത്ര ദൃശ്യ മാദ്ധ്യമങ്ങളിലും
   പ്രാദേശികമായു പൊതുവായും പരസ്യം ചെയ്യുന്നതിനുള്ള
   ക്രമീകരണങ്ങൾ ചെയ്യുന്നതിനായി)
3. തൃക്കരിപ്പൂർ പഞ്ചായത്ത് നോട്ടീസ് ബോർഡ്
4. തൃക്കരിപ്പൂർ വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്